പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2492 23.01.2014-ൽ മറുപടിക്ക്

ആദിവാസി പാരമ്പര്യ വൈദ്യവ്യാപനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ : | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | ആദിവാസി പാരമ്പര്യവൈദ്യ വ്യാപനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടി ട്ടുള്ളതെന്നറിയിക്കാമോ ; | (എ) | ആദിവാസി പാരമ്പര്യ വൈദ്യ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിന് കിർത്താഡ്സ് മുഖേന എല്ലാ വർഷവും വംശീയവൈദ്യ ചികിത്സാ ക്യാമ്പും ശിൽപശാലയും സംഘടിപ്പിച്ചു വരുന്നു. വിതുരയിൽ ഒരു പട്ടികവർഗ്ഗ വംശീയ പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വംശീയ വൈദ്യന്മാർക്ക് 10,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ 2011-12 വർഷത്തിൽ 100 വംശീയ വൈദ്യന്മാർക്ക് 10,000/- രൂപ നിരക്കിലും 2012-13 വർഷങ്ങളിൽ 111 വംശീയവൈദ്യന്മാർക്ക് 15,000/- രൂപ നിരക്കിലും കിർത്താഡ്സ് മുഖേന ഗ്രാന്റ് നൽകിയിട്ടുണ്ട്. 2011-12 വർഷത്തിൽ സംസ്ഥാനത്തെ 5 സെന്ററുകളിൽ വച്ച് 5 വിദ്യാർത്ഥികൾക്ക് വീതം തിരുമ്മ് ചികിത്സാ പഠനത്തിൽ പരിശീലനം നൽകിയിരുന്നു. വയനാട്ടിലെ അടിയ - പണിയ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വംശീയവൈദ്യചികിത്സയിൽ പരിശീലനം നൽകിയിട്ടുണ്ട്.<br>സർക്കാർ വർഷം തോറും സംഘടിപ്പിക്കുന്ന പൈതൃകോത്സവം, നാടൻമേള, പ്രദർശന വിപണനമേള എന്നിവയിൽ വംശീയ ചികിത്സയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും വേദി ഒരുക്കി, ആദിവാസി പാരമ്പര്യ വൈദ്യന്മാർക്ക് പ്രോത്സാഹനം നൽകി വരുന്നു. പൈതൃകോത്സവത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ വംശീയ വൈദ്യ ചികിത്സാക്യാമ്പ് നടത്തി വരുന്നുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും ആദിവാസി പാരമ്പര്യവൈദ്യം ലഭ്യമാകുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിന് നടപടി കൈക്കൊള്ളുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ